കരുതുന്നില്ല. എന്നാൽ ആദ്യ 5 വർഷക്കാലം വരുമാന നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഈ നഷ്ടം പൂർണ്ണമായും കേന്ദ്രം നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. കൃത്യമായി പരിശോധിക്കപ്പെട്ടുന്ന ഒരു സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും പ്രത്യേക ഗ്രാന്റായി ഈ നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്ക് നൽകുമെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ വാറ്റ് നടപ്പിലാക്കിയപ്പോൾ കോമ്പൻസേഷൻ സമ്പ്രദായത്തിലുണ്ടായ അപാകതകൾ ആവർത്തിക്കാതിരിക്കുന്നവനായി ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെട്ട ഒരു സമിതി നിശ്ചയിക്കേണ്ടതാണെന്ന ആവശ്യവും ചരക്ക് സേവന നികുതി വിഭാവനം ചെയ്യുന്ന പ്രാപ്യസമാനതത്ത്വം ഭരണഘടനയിൽത്തന്നെ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യവും സംസ്ഥാനം ശക്തമായി ഉന്നയിച്ചിട്ടുണ്ട്.

നികുതി പിരിവ്

169 (3323) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം നികുതി പിരിവിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ, അത് എന്തൊക്കെ കാരണങ്ങളാലാണ് എന്ന് വിശദീകരിക്കാമോ;

(ബി) നികുതി പിരിവ് ഊർജ്ജിതമാക്കാൻ, നടപ്പ് വർഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ അനുസരിച്ച് കാർഷികാദായ നികുതി, സംസ്ഥാന എക്സൈസ് നികുതി എന്നീ നികുതി ഇനങ്ങളിൽ 2014-15 സാമ്പത്തിക വർഷം, 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കുറവ് വരുമാനമാണ് ലഭിച്ചത്. റബ്ബറിന്റെ വിലയിലുണ്ടായ കുറവ് കാരണം റബ്ബറിൽ നിന്നുള്ള വരുമാനത്തിൽ 41% കുറവുണ്ടായിട്ടുണ്ട്. കൂടാതെ റബ്ബറിനെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതിയിൽ നിന്ന് ഒഴിവാക്കിയതും നികുതി വരുമാനത്തിൽ കുറവുണ്ടാകാൻ കാരണമായിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 710 എഫ്.എൽ.-3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 52 എഫ്.എൽ.-1 വിദേശമദ്യ ഔട്ട് ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ, പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽ നിന്നും ലഭിച്ചിരുന്ന വരുമാനത്തിലും കുറവുണ്ടായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ (കെ.എസ്.ബി.സി.) വഴിയുള്ള മദ്യവിപ്പനയിലും കുറവു വന്നിട്ടുണ്ട്.

(ബി) നികുതി പിരിവ് ഊർജ്ജിതമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വകുപ്പടിസ്ഥാനത്തിൽ താഴെച്ചേർക്കുന്നു.

ഭൂനികുതി വകുപ്പ്:

ഭൂനികുതി പിരിവ് ഫ്ലൂതഗതിയും കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി ഓരോമാസവും കൈവരിക്കേണ്ട പിരിവ് ലക്ഷ്യം മുൻകൂട്ടി നിശ്ചയിച്ച് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ളതും ഇതനുസരിച്ച് പിരിവ് നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നതുമാണ്. പ്രധാന വരുമാന ഇനമായ ബിൽഡിംഗ് ടാക്സ് പിരിച്ചെടുക്കുന്നതിന് ഓരോ മാസവും അസസ് ചെയ്യേണ്ട ഏറ്റവും കുറഞ്ഞ കെട്ടിടങ്ങളുടെ എണ്ണം മുൻകൂറായി നിശ്ചയിച്ച് ജില്ലകൾക്ക് നൽകിയിട്ടുള്ളതുപ്രകാരം ഊർജ്ജിത നികുതി പിരിവ് നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പ്:

മദ്യത്തിന്മേലുള്ള വിറ്റു വരവ് നികുതി, എക്സൈസ് ഡ്യൂട്ടി എന്നിവയുടെ നിരക്ക് വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ നിർദ്ദിഷ്ട വിദേശ മദ്യത്തിന്മേൽ ചുമത്തുന്ന എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ്:

അഞ്ച് വർഷത്തെ അതിൽ കൂടുതലോ കാലയളവിൽ നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള വാഹനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം അടയ്ക്കുന്നതിനുള്ള തീയതി 31-12-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ടാക്സ് കുടിശ്ശിക വരുത്തിയതിനാൽ മോട്ടോർ വാഹന വകുപ്പ് പോലീസോ പിടിച്ചെടുത്ത വാഹനങ്ങൾ ഒരു വർഷത്തിനകം ടാക്സ് അടച്ചില്ലെങ്കിൽ ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിന് നിയമ ഭേദഗതി ചെയ്തിട്ടുണ്ട്. വരുമാന വർദ്ധനവിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്താനും എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

വാണിജ്യനികുതി വകുപ്പ്:

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നികുതി തെർമോട്ട സമിതി, വിവര നിരീക്ഷണ സമിതി എന്നിവയുടെ അടിസ്ഥാനത്തിൽ വിശകലനം നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

റിട്ടേൺ സ്റ്റേറ്റിനു ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരിശീലനാടിസ്ഥാനത്തിൽ അതിരാവിളയിൽ നടപ്പിലാക്കി. സി.സി.ടി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വലിയ ട്രക്കുകൾ ഉൾപ്പെട്ട കൈമോശമായി കേസുകളും ഡെപ്യൂട്ടി കമ്മിഷണർ (അപ്പീൽ). തൈമ്പുണ്ടെങ്കിൽ എന്നിവരിൽ ഫയലിൽ കിടക്കുന്ന കേസുകളും അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാരുകളുടെ നിശ്ചിതാശങ്ങളും ആഡംബര നികുതി, കാർഷികാദായ നികുതി, മണി ലെന്റിംഗ് നിയമം എന്നിവയുടെ റിട്ടേണുകളും ഓൺലൈനാക്കിയിട്ടുണ്ട്. ക്രമാതീത നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനായി ചെക്ക് പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനവും സൂക്ഷ്മ പരിശോധനയും ശക്തമാക്കുന്നുണ്ട്. കൂടാതെ, ചെക്പോസ്റ്റ് ബൈപാസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപാരം കണ്ടുപിടിക്കുന്നതിന് ഈ മേഖലയിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്. ക്രമാതീത നികുതി നിർണ്ണയ വ്യവസ്ഥ കാര്യക്ഷമമാക്കുന്നതിന് അഡിഷണൽ അസസ്സിംഗ് സർക്കിൾ പുനഃസ്ഥാപിച്ചിട്ടുണ്ട്.

കൈത്തറി ഉൽപ്പന്നങ്ങളുടെ വാറ്റ് നികുതി ഒഴിവാക്കൽ

170 (3324) ശ്രീ. തോമസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ദേവസ്വംനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി തരുമോയെന്ന:

(എ) കൈത്തറി ഉൽപ്പന്നങ്ങൾക്ക് 14% വാറ്റ് നികുതി ഏർപ്പെടുത്തിയിരിക്കുന്നത് പിൻവലിക്കുന്ന കാര്യം പരിശോധിക്കുമോ ;

(ബി) ഇതു മൂലം കഷ്ടത്തിലായ ചെറുകിട ഉൽപ്പാദകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(സി) വാറ്റ് നികുതിയുടെ പേരിൽ വിൽപന നികുതി ഉദ്യോഗസ്ഥരുടെ അനാവശ്യ പരിശോധനയും പിഴയും അവസാനിപ്പിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ടെക്സ്റ്റൈയിൽ ഉൽപ്പന്നങ്ങൾക്ക് എല്ലാം 14% നികുതി ചുമത്തിയിരിക്കുന്ന സാഹചര്യത്തിൽ മറ്റൊരു തരത്തിലുള്ള ഇളവ് ഒഴിവാക്കാൻ വേണ്ടിയാണ് കൈത്തറി ഉൽപ്പന്നങ്ങൾക്ക് 14% വാറ്റ് നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് വളരെ കുറഞ്ഞ നികുതി നിരക്കാണ്. ഈ നികുതി ഉപഭോക്താവിൽ നിന്നും പിരിക്കാവുന്നതുമാണ്. നികുതി പിൻവലിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly